# Malayala Manorma

# 19 June 2018

# Kochi: Heavy rain, Airstrem



ചെല്ലാനം മറുവക്കാട് തീരപ്രദേശത്തു തകർന്നു കിടക്കുന്ന കരിങ്കൽ കെട്ടിലൂടെ കടൽ കയറുന്നു.

**കാലവർഷം കനത്തതോടെ കടലേറ്റത്തിൽ വിറച്ചുനിൽക്കുകയാണു വൈപ്പിൻ, ചെല്ലാനം തീരങ്ങൾ. വൈപ്പിൻ കടൽത്തീരത്തിന്റെ നീളം 25 കിലോമീറ്റർ. എന്നാൽ കടൽഭിത്തി ഉള്ളത് ഏതാനും കിലോമീറ്റർ മാത്രം. കടലിൽ നിന്ന് മീറ്ററുകൾ മാത്രം അകലെയാണ് തീരത്തെ വീടുകളിൽ പലതും. ചെല്ലാനത്തു പലയിടത്തും കടൽഭിത്തി തകർന്നു കിടക്കുമ്പോൾ മണൽച്ചാക്കിട്ടു താൽക്കാലിക പ്രതിരോധം തീർക്കുകയാണു നാട്ടുകാർ. കത്തുന്ന മനസ്സോടെ കഴിയുന്ന തീരദേശവാസികളുടെ ജീവിതത്തിലൂടെ...**

# കടലേറി, തീരത്ത് ഭയമേറി

**മനോരമ ലേഖകൻ**

വൈപ്പിൻ ● കാലവർഷം കരുത്താർജിച്ചതോടെ തീരദേശവാസികളുടെ ഉള്ളം കത്തുകയാണ്. അലറിയെത്തുന്ന തിരമാലകളെ തടുക്കാൻ കടലിനും കിടപ്പാടത്തിനുമിടയിൽ ഒന്നുമില്ല. ഒരു കാലത്തു ദ്വീപിന്റെ പടിഞ്ഞാറൻ തീരത്തെ കോട്ടപോലെ കാത്തിരുന്ന കടൽഭിത്തി ഇപ്പോൾ പേരിനുമാത്രം. സുനാമിത്തിരകൾ അഞ്ചു ജീവനുകൾ കവർന്ന, പുനരധിവാസ പ്രവർത്തനങ്ങൾക്കു കോടികൾ ഒഴുക്കിയ തീരത്താണ് ഈ അവസ്ഥ.

വൈപ്പിൻ ദ്വീപിന്റെ അത്ര നീളമുണ്ട് ഇവിടത്തെ കടൽത്തീരത്തിനും-25 കിലോമീറ്ററോളം. കടലിൽ നിന്നു മീറ്ററുകൾ മാത്രം അകലെയാണു തീരത്തെ വീടുകളിൽ പലതും. ഏറ്റവും കരുത്തുറ്റ കടൽഭിത്തി വേണ്ട പ്രദേശം. എന്നാൽ അത്തരം ഭിത്തി ഇപ്പോഴുള്ളത് ഏതാനും കിലോമീറ്റർ മാത്രം.

അറ്റകുറ്റപ്പണികളുടെ അഭാവത്തിൽ അവയും തകർച്ചയിലേക്കു നീങ്ങുന്നു. മറ്റു പലയിടത്തും നിർമാണം പാതിവഴിയിൽ നിലച്ചു. ചില സ്ഥലങ്ങളിൽ അടിയന്തര പുനർനിർമാണം ആവശ്യമായ തരത്തിൽ ഭിത്തി തകർന്ന നിലയിലാണെങ്കിൽ മറ്റു ചിലയിടങ്ങളിൽ ഭിത്തി താണു മണലിൽ മൂടിയ അവസ്ഥയിലാണ്.

## വഴിമാറിയ ഫണ്ട്

സുനാമി ദുരന്തത്തിൽ വൈപ്പിൻ തീരമേഖലകളിൽ വൻ നാശനഷ്ടങ്ങളാണുണ്ടായതെങ്കിലും പുനരധിവാസ പദ്ധതികളിൽ മുന്തിയ പരിഗണന ലഭിക്കേണ്ടിയിരുന്ന കടൽഭിത്തി നിർമാണത്തിന് ഒരു പ്രാധാന്യവും ലഭിച്ചില്ല. ചില സ്ഥലങ്ങളിൽ മാത്രമാണു മികച്ച രീതിയിൽ ഭിത്തി നിർമാണം നടന്നത്. മറ്റു പല പ്രദേശങ്ങളിലും മറിച്ചായിരുന്നു സ്ഥിതി. കടലിനു കിലോമീറ്ററുകൾ കിഴക്കുള്ള പ്രദേശങ്ങളിൽ വരെ സുനാമി ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ചുള്ള പുനർനിർമാണ പ്രവർത്തനം നടന്നപ്പോൾ കടൽഭിത്തിയുടെ കാര്യം ശ്രദ്ധിക്കപ്പെടാതെ പോവുകയായിരുന്നു.

സുനാമി ദുരന്തത്തിൽ നാലുപേർക്കു ജീവൻ നഷ്ടമാ...

എടവനക്കാട് കൂട്ടുങ്കൽചിറ ബീച്ചിനോടു ചേർന്നുള്ള കടൽഭിത്തി തകർന്നുകിടക്കുന്നു.

...യിൽ തുടരുന്നതെന്നതാണു വൈരുധ്യം. ഇവിടെ പുറത്തേക്കു കാണാൻ പറ്റാത്ത തരത്തിൽ ഭിത്തി താഴേക്കിരുന്ന അവസ്ഥയാണ്. ചെറിയ തിരമാലകൾ പോലും മണൽപ്പരപ്പിനെ മറികടന്നു വീടുകളുടെ സമീപത്തെത്തും. തീരദേശ റോഡിലും വെള്ളം നിറയുന്നതോടെ യാത്രാമാർഗം അടയും.

## കടലോളം അഴിമതി സാധ്യത

കടലിൽ കരിങ്കല്ലുകൾ നിക്ഷേപിച്ചാണു കടൽഭിത്തി നിർമിക്കുന്നത്. തീരം എത്ര ലോഡ് കരിങ്കല്ലു വിഴുങ്ങുമെന്നതിനു യാതൊരു കണക്കുമില്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കോൺട്രാക്ടർ...

...ല. ഇത്രയും ദൈർഘ്യമേറിയ കടൽത്തീരമുള്ള വൈപ്പിനിൽ ആ വകുപ്പിന്റെ ഓഫിസിൽ പലപ്പോഴും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ഉണ്ടാവാറില്ല.

ഭിത്തി നിർമാണത്തിന്റെ ചുമതല വഹിച്ച ഉദ്യോഗസ്ഥർ ചുരുങ്ങിയ കാലത്തിനുള്ളിൽ ഒന്നിലേറെ ആഡംബര വാഹനങ്ങളുടെയും ബഹുനില വസതികളുടെയുമൊക്കെ ഉടമകളായ കഥകളാണു നാട്ടുകാർക്കു പറയാനുള്ളത്. പറച്ചിലുകൾ രേഖാമൂലമുള്ള പരാതികളായി മാറിയപ്പോൾ ഭിത്തി നിർമാണവുമായി ബന്ധപ്പെട്ടു വിജിലൻസ് അന്വേഷണം വരെ നടന്നു.

അന്വേഷണ സംഘം സ്ഥലത്തെത്താൻ ആവശ്യപ്പെട്ടതിനെത്തുടർന്നു മുന്തിയ ഇനം...

...ഭാവത്തിൽ ഓട്ടോയിൽ സ്ഥലത്തെത്തിയത് അന്നു വാർത്തയായിരുന്നു. പ്രധാന കടൽഭിത്തിയോടു ചേർന്നുള്ള ചെറുഭിത്തിയുടെ നിർമാണത്തിനുപയോഗിച്ച 'ഗുണനിലവാരമാർന്ന' സാമഗ്രികളെക്കുറിച്ച് ഉദ്യോഗസ്ഥൻ വിശദീകരിച്ചുകൊണ്ടിരിക്കുന്നതിനിടയ്ക്കു തന്നെ തിരമാലയടിച്ചു ഭിത്തി തകർന്നതു മറ്റൊരു നേരറിവിന്റെ നേർക്കാഴ്ചയായി.

## പ്രാദേശിക അറിവുകൾ പ്രധാനം

കടൽഭിത്തി നിർമാണത്തിനു കടലിനെയും കരയെയും അറിയണമെന്നു പഴമക്കാർ പറയും. ഓരോ സ്ഥലത്തും കടലിന്റെ സ്വഭാവവും കരയുടെ പ്രകൃതവും വ്യത്യാസപ്പെട്ടിരിക്കും. അതറിഞ്ഞുവേണം ഭിത്തി നിർമിക്കാൻ. അല്ലെങ്കിൽ അതു നാമാവശേഷമാകാൻ ഏറെ സമയമൊന്നും വേണ്ടിവരില്ല. ദശകങ്ങൾക്കു മുമ്പു ഭിത്തി നിർമിച്ചപ്പോൾ പലയിടത്തും പ്രദേശികവാസികളെത്തന്നെ അതിന്റെ ചുമതലയോ മേൽനോട്ടമോ വഹിക്കാൻ അന്നത്തെ ഉദ്യോഗസ്ഥർ നിയോഗിച്ചതു വെറുതെയായിരുന്നില്ലെന്നു സാരം.

പിൽക്കാലത്തു നിർമാണത്തിന്റെ മേൽനോട്ടത്തിനു നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് അതു സംബന്ധിച്ചു യാതൊരു ധാരണയും ഇല്ലാത്ത സ്ഥിതിയായി. പലപ്പോഴും നിർമാണ ജോലിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ തൊഴിലാളികൾക്കു വിട്ടുകൊടുത്ത് അവർ വെറും കാഴ്ചക്കാരായി. ഒപ്പം അഴിമതി കൂടി ചേർന്നപ്പോൾ പലയിടത്തും ഭിത്തിക്ക് അൽപായുസ് വിധിക്കപ്പെട്ടു. മുൻകാലത്ത് അയൽസംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികളെ ഉപയോഗിച്ചാണു ഭിത്തിനിർമാണം നടത്തിയത്. ആ രീതി കാലതാമസത്തിനിടയാക്കുന്നതായി ആക്ഷേപമുയർന്നപ്പോൾ പിന്നീട് എസ്കവേറ്റർ ഉപയോഗിച്ചു തുടങ്ങി. ഇതിനൊക്കെ ശേഷവും കാര്യങ്ങൾ പഴയപടിയാണ്.

## നിർമാണം അശാസ്ത്രീയം

നിർമാണത്തിലെ അപാകത തന്നെയാണു പ്രധാന പ്രശ്നമെന്നു തീരദേശവാസികൾ ചൂണ്ടിക്കാട്ടുന്നു. തിരമാലകളുടെ ആഘാതം കുറയ്ക്കുന്നതിനു കടലിലേക്കു കുറ്റൻ കരിങ്കല്ലുകൾ ഇറക്കിയിട്ടാണു മുൻകാലങ്ങളിൽ...